പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1887 **26-10-2026-ൽ മറുപടിയ്ക്ക്**

തലശ്ശേരി മണ്ഡലത്തിലെ കുണ്ടുചിറ പാലത്തിന്റെ നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കാരായി രാജൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന കുണ്ടുചിറ പാലത്തിന്റെ പൂർത്തീകരണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

മറുപടി: തലശ്ശേരി മുനിസിപ്പാലിറ്റിയെയും കതിരൂർ പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലമാണ് കുണ്ടുചിറ പാലം. പ്രസ്തുത പദ്ധതിക്ക് 19.09.2017-ലെ Order No. APR-1/74/2017/KIIFB പ്രകാരം 10.17 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. പദ്ധതി നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. അറിയിച്ച പ്രകാരം 11.05 മീറ്റർ വീതിയും, 205 മീറ്റർ നീളവുമുള്ള പാലമാണ് നിലവിലുള്ള അലൈൻമെൻറിൽ ഉള്ളത്, കൂടാതെ 75 മീറ്റർ വീതം ഇരുഭാഗത്തും ഇമ്മീഡിയറ്റ് അപ്പ്രോച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. 3.50 മീറ്റർ വീതിയിലുള്ള സർവ്വീസ് റോഡ് ഇരുഭാഗത്തും, ഇരുവശങ്ങളിലുമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ അലൈൻമെൻറ് പ്രകാരം, പൊതുമരാമത്ത് വകുപ്പ് പ്രൊജക്ട് പ്രീപ്പറേഷൻ യൂണിറ്റ് തയ്യാറാക്കിയ 28.5 കോടിയുടെ ഡി.പി.ആർ പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട് എന്നും പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

എന്നാൽ, 23/06/2025-ൽ KIIFB സി.ഇ.ഒ.-യുടെ അധ്യക്ഷതയിൽ യോഗം ചേരുകയും യോഗത്തിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ, പാലം നിർമ്മാണത്തിനാവശ്യമായ ഭൂമിയുടെ ലഭ്യത സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ആർ.എഫ്.ബി, കണ്ണൂർ ഡിവിഷനോട് ആവശ്യപ്പെടുകയും അതുപ്രകാരം, കുണ്ടുചിറയിൽ കുയ്യാലിപ്പുഴയുടെ ഇരുവശങ്ങളിലുമുള്ള സ്വകാര്യ ഭൂമി, ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ (LA Act) വ്യവസ്ഥകൾക്ക് അനുസൃതമായി ഏറ്റെടുത്താൽ മാത്രമേ പാലം നിർമ്മാണം ആരംഭിക്കാൻ കഴിയൂ എന്ന് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചിരുന്നു.

ഇതനുസരിച്ച്, കിഫ്ബി ഭൂമി ഏറ്റെടുക്കൽ പാക്കേജിന് അനുമതി നൽകുകയും ഫണ്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും, നിർമ്മാണ പ്രവർത്തനങ്ങൾ

ആരംഭിക്കുന്നതിന് ഭൂമി കൈവശം ലഭിക്കേണ്ടത് അനിവാര്യമായതിനാൽ, ആവശ്യമായ ഭൂമി നേരിട്ട് ലഭ്യമായ ശേഷം മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവൂ എന്ന് 20.07.2025-ലെ കത്ത് മുഖേനെ പദ്ധതി നിർവഹണ ഏജൻസിക്ക് കിഫ്ബി നിർദ്ദേശം നൽകിയിരുന്നു.

ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി 13.12.2022 ൽ 6(1) വിജ്ഞാപനം പുറപ്പെടുവിക്കുകയും, തുടർന്ന് മൂഴിക്കര ഭാഗത്തുവരുന്ന അനുബന്ധറോഡിൽ മുഴുവൻ അതിർത്തികല്ലുകളും സ്ഥാപിക്കുകയുംകതിരൂർ ഭാഗത്ത് സർവ്വീസ് റോഡ് അടക്കം 17.00 മീറ്റർ വീതി ആവശ്യമായി വരുന്ന ഭാഗങ്ങളിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും, ബാക്കി അപ്രോച്ച് റോഡ് വരുന്ന ഭാഗങ്ങളിൽ കി.മീ 0/000 മുതൽ 0/460 വരെ 8.00 മീറ്റർ വീതിയിൽ സൗജന്യമായി സ്ഥലം ലഭ്യമാക്കുന്ന രീതിയിൽ മുന്നോട്ട് പോകുവാനും തീരുമാനിച്ചതായുംപദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.തുടർന്ന് ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന ഭൂമിയിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും റവന്യൂ ഡിപ്പാർട്മെന്റുമായുള്ള സംയുക്ത പരിശോധന പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിന് വേണ്ടി 12.66 ലക്ഷം രൂപ കണ്ടിജൻസി ഫണ്ട് ഇനത്തിൽ 16.08.2025 ന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) കണ്ണൂരിന്കിഫ്ബിയിൽ നിന്നും കൈമാറിയിട്ടുണ്ട്. തുടർന്ന് 04.10.2025-ന 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. പിന്നീട് സാമൂഹികാഘാത പഠനം പൂർത്തീകരിച്ച് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുകയും ആയതിൻമേലുള്ള വിദഗ്ധ സമിതിയുടെ അന്തിമ ശുപാർശ റിപ്പോർട്ട് 29.05.2026 ന് ജില്ലാ കലക്ടർ കണ്ണൂരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നു പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) കിഫ്ബി കണ്ണൂർ ഓഫീസിൽ നിന്നും ജില്ലാ കലക്ടർ കണ്ണൂരിന്സമർപ്പിച്ചിട്ടുണ്ടെന്നും ആയത് പ്രസിദ്ധീകരിച്ചാലുടൻ സബ് ഡിവിഷൻ, വ്യക്തിഗത സർവ്വെ നടപടികളും, കെട്ടിടങ്ങളുടെയും, മറ്റ് അനുഭവങ്ങളുടെയും വില നിർണ്ണയം ചെയ്യുവാൻ സാധിക്കുകയുള്ളുയെന്നും ഭൂമി ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർത്തിയുടെ ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണെന്നും പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.നിലവിൽ 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കാമോ?

മറുപടി: ഭൂമി ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർത്തിയുടെ ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ് എന്ന് പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ടെങ്കിലും 13.08.2026-ന് നടന്ന കിഫ്ബി ബോർഡ് യോഗത്തിൽ, നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ തുടരുന്നതിനും, ടെണ്ടർ/ ടെക്നിക്കൽ സാങ്ങ്ഷൻ /എഗ്രിമെന്റ് തുടങ്ങിയ ഘട്ടങ്ങളിലുള്ള പ്രവൃത്തികളിൽ

ബോർഡ് യോഗത്തിൽ മുൻഗണനാക്രമം പുനർനിശ്ചയിച്ച പ്രവൃത്തികളുമായി മുന്നോട്ടുപോകുന്നതിനും, 'ലാൻഡ് അക്വിസിഷൻ പൂൾ'-ൽ ഉൾപ്പെടാത്ത പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ സംബന്ധിച്ച ഓരോ കേസും പ്രത്യേകം പ്രത്യേകം പരിഗണിച്ചുമാത്രം മുന്നോട്ടുപോകുന്നതിനും എന്നാൽ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരമുള്ള 11(1) വിജ്ഞാപനം അധികൃതർ പ്രസിദ്ധീകരിച്ചിട്ടുള്ള കേസുകളിൽ തുടർനടപടികൾ സ്വീകരിക്കാനും, ഭരണാനുമതി ലഭിച്ചിട്ടുള്ളതും നിലവിൽ ആരംഭിച്ചിട്ടില്ലാത്തതുമായ മറ്റു പ്രവൃത്തികൾ ഓരോന്നും പ്രത്യേകം പ്രത്യേകം വിലയിരുത്തിമാത്രം മുന്നോട്ടുപോകുന്നതിനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ബോർഡിന്റെ ഈ തീരുമാനങ്ങൾ പദ്ധതി നിർവഹണ ഏജൻസിയെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ